केरल हिन्दी साहित्य अकादमी

കേരള ഹിന്ദി സാഹിത്യ അക്കാദമി KERALA HINDI SAHITYA AKADEMY

(Register No.277/82, 16 January 1982 : (An Organisation for Hindi Studies and National Integration)

Lakshmi Nagar, Pattom Palace P.O., Thiruvananthapuram-695004 (Kerala) Phone : 0471-2541355, 8800095639

E-mail : sarada.sunanda@gmail.com Website : http://keralahindisahityaacademy.com; http://drnchandrasekharannair.in

संरक्षक: **जस्टिस एम.आर.हरिहरन नायर** (पूर्व न्यायाधीश, उच्च न्यायालय (केरल) और पूर्व ओमबुड्समेन)

अध्यक्ष - **देशरत्न डॉ.एन.चन्द्रशेखरन नायर**, उपाध्यक्ष - **डॉ.एस.तंकमणि अम्मा**, मुख्य सचिव - **डॉ.एस.सुनन्दा**

सचिव - **डॉ.के.सी.अजय कुमार**, कोषाध्यक्ष - **डॉ.के.एस.विजयलक्ष्मी**

कार्यकारिणी समिति सदस्य - **श्रीमती एस.नीरजा राजेन्द्रन, श्री. आर.कृष्णन कुट्टि, श्री.के.रामन पिल्ला, डॉ.आर.राजेशकुमार, डॉ.के.पि.उषाकुमारी, श्री.विष्णु आर.एस.**

# പത്രക്കുറിപ്പ്

## ഡോ.എൻ.ചന്ദ്രശേഖരൻ നായർ ഹിന്ദി ഗവേഷണ പുരസ്കാര സമർപ്പണം 2019

കേരള ഹിന്ദി സാഹിത്യ അക്കാദമിയുടെ 39-ാമത് വാർഷികാഘോഷവും ഡോ.എൻ.ചന്ദ്രശേഖരൻ നായർ ഹിന്ദി ഗവേഷണ പുരസ്കാര സമർപ്പണവും തിരുവനന്തപുരം മന്നം മെമ്മോറിയൽ ഹാളിൽ വെച്ചു നടന്നു. പ്രസ്തുത ചടങ്ങ് ശ്രീമതി അശ്വതിതിരുനാൾ ഗൗരി ലക്ഷ്മീഭായ് തമ്പുരാട്ടി ഉദ്ഘാടനം ചെയ്തു. ഡോ.കെ.ജയകുമാർ ഐ.എ.എസ്. മുഖ്യ പ്രഭാഷണം നടത്തുകയും ഡോ. സുനന്ദ എസ്. റിപ്പോർട്ട് അവതരിപ്പിക്കുകയും ചെയ്തു.

കേരള സംസ്ഥാന മുന്നോക്ക വിഭാഗ കമ്മീഷൻ ജസ്റ്റിസ് എം.ആർ.ഹരിഹരൻ നായർ അദ്ധ്യക്ഷനായ ചടങ്ങിൽ മികച്ച ഹിന്ദി ഗവേഷണ പ്രബന്ധത്തിനുള്ള 50000 രൂപയും സ്തുതിഫലകവുമടങ്ങുന്ന ഡോ.എൻ.ചന്ദ്രശേഖരൻ നായർ ഹിന്ദി ഗവേഷണ പുരസ്കാരം അങ്കമാലി മഹാകവി ജി. മെമ്മോറിയൽ എച്ച്.എസ്.എസിലെ ഹിന്ദി അധ്യാപിക ഡോ. റമി എ.എം. ന് ഡോ.എൻ. ചന്ദ്രശേഖരൻ നായർ സമ്മാനിച്ചു. കേരളത്തിൽ ഹിന്ദീ സാഹിത്യത്തിന്റെ ഉന്നമനത്തിനു വേണ്ടിയാണ് ഡോ.നായർ ഈ അവാർഡ് ഏർപ്പെടുത്തിയിട്ടുള്ളത്. ഇത് വർഷം തോറും കൊടുക്കുന്ന കേരളത്തിലെ ഹിന്ദി ഗവേഷണ പുരസ്കാരമാണ്. ഇത് രണ്ടാമത്തെ വർഷമാണ് നൽകുന്നത്.

ഡോ.പണ്ഡിറ്റ് ബന്നേയ്ക്ക് ഡോ.എൻ.ചന്ദ്രശേഖരൻ നായർ ഹിന്ദി സാഹിത്യ പുരസ്കാരം സമ്മാനിച്ചു. 10000 രൂപയും സ്തുതിഫലകവുമടങ്ങുന്നതാണ് പുരസ്കാരം. ഡോ.എൻ.ചന്ദ്രശേഖരൻ നായർ നൽകുന്ന ചട്ടമ്പിസ്വാമി പുരസ്കാരം ഡോ.അപർണാ സുധീറിന് സമ്മാനിച്ചു. 5000 രൂപയും സ്തുതിഫലകവുമാണ് സമ്മാനം.

ചടങ്ങിൽ വച്ച് 97-ാം പിറന്നാൾ ആഘോഷിക്കുന്ന ഡോ.എൻ.ചന്ദ്രശേഖരൻ നായരെ പ്രമുഖ വ്യക്തികൾ പൊന്നാടയണിയിച്ച് ആദരിച്ചു. പ്രൊഫ.ഡോ.എസ്.തങ്കമണി അമ്മ, ജസ്റ്റിസ് എം.ആർ. ഹരിഹരൻ നായർ, ശ്രീ. കെ.രാമൻ പിള്ള, അഡ്വ.കെ.അയ്യപ്പൻപിള്ള, ഡോ. സുധീർ കിടങ്ങൂർ, ഡോ.പണ്ഡിറ്റ് ബന്നേ, ഡോ.ടി.പി.ശങ്കരൻകുട്ടി നായർ, ഡോ.റമി എ.എം., ശ്രീ.സി.വി. ഗോപിനാഥൻ നായർ, ശ്രീമതി ആർ.രാജപുഷ്പം, ശ്രീ. രഘു ആർ., ഡോ. അപർണാ സുധീർ, ഡോ. വിഷ്ണു ആർ.എസ്. എന്നിവർ ആശംസകൾ അർപ്പിച്ചു.

താങ്കളുടെ പത്രത്തിൽ ഈ വാർത്ത വരാൻ അഭ്യർത്ഥിക്കുന്നു.

സ്നേഹപൂർവ്വം,

**ഡോ.എസ്.സുനന്ദ**

ചീഫ് സെക്രട്ടറി

19--12-19